# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2167</u> <u>20.06.2012-ൽ മറുപടിക്ക്</u>

## <u>നാഷണൽ ഹെൽത്ത് മിഷൻ</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. കെ.ശിവദാസൻ നായർ :<br>,, കെ.അച്ചുതൻ :<br>,, പി.എ.മാധവൻ :<br>,, ലൂഡി ലൂയിസ് : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നാഷണൽ ഹെൽത്ത് മിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) | ആശുപത്രികളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും നിലവാരം മെച്ചപ്പെടുത്തുക, ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും ആവശ്യാനുസരണം നിയമിക്കുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, മാതൃശിശു മരണനിരക്ക് കുറയ്ക്കുക, പൊതുജനാരോഗ്യ സേവന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക, പകർച്ചവ്യാധികൾ, മറ്റു സാംക്രമിക രോഗങ്ങൾ എന്നിവയുടെ നിയന്ത്രണവും നിരീക്ഷണവും ശക്തിപ്പെടുത്തുക, സമഗ്ര ആരോഗ്യ സംരക്ഷണം ഏവർക്കും ഉറപ്പുവരുത്തുക, ജനസംഖ്യാ നിയന്ത്രണം, സംതുലനം, അവയുടെ അനുപാതം എന്നിവ നിയന്ത്രിക്കുക, ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി എന്നിവയെ ഒരു കുടക്കീഴിലാക്കി ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ആരോഗ്യസേവനവും മെഡിക്കൽ സേവനവും നൽകുക, പൊതു ജീവിത നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ ആണ് ദേശീയ ഗ്രാമീണ ആരോഗ്യ പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളാണ് ഇതിന്റെ പരിധിയിൽ പെടുന്നത് ; | (ബി) | ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ആശുപത്രികളും ഇതിന്റെ പരിധിയിൽപ്പെടുന്നു. |
| (സി) ഈ പദ്ധതിപ്രകാരം ഏതെല്ലാം വിഭാഗക്കാർക്കാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത് ; | (സി) | സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കും മെച്ചപ്പെട്ട ചികിത്സാ സംവിധാനവും പൊതുജനാരോഗ്യ സംവിധാനവും ലഭിക്കുന്നുണ്ട്. |
| (ഡി) ഏതെല്ലാം പ്രത്യേക പ്രോജക്ടുകളാണ് ഇതുവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (ഡി) | പ്രത്യേക പദ്ധതികൾ ഒന്നും തന്നെ ഇപ്പോൾ വിഭാവനം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ